"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം- ചാക്ക ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ശിവപ്രസാദ്.എസിന് അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.490/2024/LBR    തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.1041/2018/തൊഴിൽ തീയതി 30/08/2018.
2. ചാക്ക ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ശിവപ്രസാദ്.എസ് 18/08/2023-ൽ സമർപ്പിച്ച അവധി അപേക്ഷ.
3. ട്രെയിനിംഗ് ഡയറക്ടറുടെ 05/02/2024 തീയതിയിലെ ഡിടി/504/2024- എ7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള ചാക്ക ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ശിവപ്രസാദ്.എസിന് പരാമർശം 1-ലെ ഉത്തരവ് പ്രകാരം 01/08/2018 മുതൽ 31/07/2019 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടിയാളെ 30/08/2018 നാണ് സേവനത്തിൽ നിന്നും വിടുതൽ ചെയ്തത്. ട്രെയിനിംഗ് പൂർത്തിയാക്കി 01/08/2019-ൽ തിരികെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തു. ടിയാൾ പ്രയോജനപ്പെടുത്താത്ത 01/08/2018 മുതൽ 30/08/2018 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിനായി പരാമർശം 3-ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ചാക്ക ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ശിവപ്രസാദ്.എസിന് പരാമർശം 1-ലെ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത 01/08/2018 മുതൽ 30/08/2018 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ശിവപ്രസാദ്.എസ്, വാച്ച്മാൻ , ഐ.ടി.ഐ, ചാക്ക (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (15/03/2024-ലെ 910912/എൽ.ബി.ആർ1/30/2018 /ധന നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usharani L
Date: 04-04-2024 12:27:58
സെക്ഷൻ ഓഫീസർ